# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4875** **22.05.2017-ൽ മറുപടിയ്ക്ക്**

## പി.ഡബ്ല്യു.ഡി. മാന്വൽ പരിഷ്കരണം

| ചോദ്യം | | മറുപടി | | |
|---|---|---|---|---|
| ശ്രീ.എ.പി. അനിൽ കുമാർ<br>,, കെ.മുരളീധരൻ: | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | | |
| (എ) | പുതുക്കിയ പി.ഡബ്ല്യു.ഡി. മാന്വലിൽ ഏതെല്ലാം കാര്യങ്ങൾക്കാണ് പ്രാമുഖ്യം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ & ബി) | 1 | പുതുക്കിയ മാന്വലിൽ ഉദ്യോഗസ്ഥന്മാരുടെ ചുമതലകളിലും ഉത്തരവാദിത്തങ്ങളിലും കൂടുതൽ വ്യക്തത വരുത്തിയിട്ടുണ്ട്. |
| (ബി) | സാങ്കേതികവും ഭരണപരവുമായ പ്രവർത്തനങ്ങളുടെ മികവ്, നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ എന്നിവയ്ക്ക്എന്തെല്ലാം കാര്യങ്ങളാണ് പുതിയ മാന്വലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; | | 2 | പണി നേരിട്ട് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരായ ഓവർസിയർക്കും അസിസ്റ്റന്റ് എഞ്ചിനീയർക്കും കൂടുതൽ ഉത്തരവാദിത്തങ്ങൾ നൽകിയിട്ടുണ്ട്. |
| | | | 3 | ഉദ്യോഗസ്ഥരുടെ ഭരണപരവും സാങ്കേതികവുമായ അധികാരങ്ങൾ വർധിപ്പിച്ചിട്ടുണ്ട്. |
| | | | 4 | പൊതുമരാമത്ത് പ്രവൃത്തികളുടെ നിലവാരം ഉയർത്തുന്നതിനായി കേന്ദ്ര മരാമത്ത് വകുപ്പിന്റെയും കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെയും കോഡുകളുടെ പ്രസക്ത ഭാഗങ്ങൾ മാന്വലിന്റെ ഭാഗമാക്കിയിട്ടുണ്ട്. |
| | | | 5 | ആധുനികമായ നിർമ്മാണ സാമഗ്രികളുടെ വിശദാംശങ്ങൾ പുതിയ മാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| | | | 6 | കരാറുകാരുടെ രജിസ്ട്രേഷൻ രീതി കാലോചിതമായി പരിഷ്കരിച്ചു. |
| | | | 7 | അഞ്ചു കോടി രൂപ വരെയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ദ്വിതല ഗുണ നിലവാര പരിശോധന സമ്പ്രദായം ഏർപ്പെടുത്തി . കൂടാതെ അഞ്ചു കോടി രൂപയ്ക്കു മുകളിലുള്ള പണികൾക്ക് പുറത്തുനിന്നുള്ള ഏജൻസിയെ കൊണ്ടുള്ള സാങ്കേതിക പരിശോധനയ്ക്കും നിർദ്ദേശമുണ്ട്. |
| | | | 8 | പ്രവൃത്തിയുടെ കാലാവധി ഒരു കാരണവശാലും 50 ശതമാനത്തിൽ അധികം ദീർഘിപ്പിച്ചു നൽകരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| | | | 9 | പുരോഗതിയില്ലാത്ത പ്രവൃത്തികൾക്ക് പിഴ കൂടാതെ പ്രതിവാരം കരാർ തുകയുടെ 0.1 ശതമാനം |

| | | | |
|---|---|---|---|
| | | | ലിക്വിഡേറ്റഡ് ഡാമേജ് (പരമാവധി പത്ത് ശതമാനം) ഈടാക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | ഭരണതലത്തിൽ മാന്വൽ പരിഷ്കരണത്തിനനുസൃതമായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | പുതുക്കിയ മാന്വലിനോടനുബന്ധിച്ച് ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഒരു ക്വാളിറ്റി കൺട്രോൾ മാന്വലും ഒരു ലാബ് മാന്വലും ജി.ഒ.(ആർ.ടി) നം. 1389/2015/പൊമ.വ., തീയതി 10/09/2015 പ്രകാരവും ജി.ഒ. (ആർ.ടി) നം. 1346/2015/പൊമ.വ., തീയതി 11/9/2015 പ്രകാരവും ഉത്തരവായിട്ടുണ്ട്. ക്വാളിറ്റി കൺട്രോൾ ഡയറക്ടറുടെ നേതൃത്വത്തിൽ എല്ലാ ജില്ലയിലും ഒരു ക്വാളിറ്റി കൺട്രോൾ ലാബും എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജണൽ ലാബും പ്രവർത്തിച്ചു വരുന്നു. ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ കെ. എച് . ആർ. ഐ -യിൽ നിന്നും വേർപെടുത്തി തിരുവനന്തപുരത്ത് റീജണൽ ലാബ് തുടങ്ങുവാൻ ജി..ഒ (എം. എസ്)-24/2017/ പൊ.മ.വ തീയതി 10/04/2017 പ്രകാരവും ഉത്തരവായിട്ടുണ്ട്. സോയിൽ ഇൻവസ്റ്റിഗേഷൻ വകുപ്പ് വഴി നടത്തുന്നതിന് മേഖല അടിസ്ഥാനത്തിൽ പുതിയ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഡിസൈൻ വിഭാഗത്തിൽ ബ്രിഡ്ജസ്, ബിൽഡിങ്സ് കൂടാതെ ഹൈവേ ഡിസൈൻ വിഭാഗം കൂടി ഉൾപ്പെടുത്തി മേഖലാടിസ്ഥാനത്തിൽ വിന്യസിച്ചു. ഡി.പി. ആർ തയാറാക്കുന്നതിനുള്ള പി.പി.യു. യൂണിറ്റും വിപുലീകരിച്ചു. എസ്റ്റിമേഷന് വേണ്ടി പ്രൈസ് സോഫ്റ്റ് വെയർ ഡെവലപ് ചെയ്തു. ഇൻഫർമേഷൻ ടെക് നോളജി അപ് ഡേറ്റുചെയ്തുകൊണ്ട് പ്ലാനിങ്ങും ഡിസൈനിങ്ങിനും ഉള്ള ആധുനിക സോഫ്റ്റ് വെയർ ഉപയോഗിക്കുവാൻ തുടങ്ങി. വകുപ്പ് മുഴുവൻ ഇത് വ്യാപിപ്പിക്കുന്നതിനുള്ള കംപ്യൂട്ടറുകളും ഇന്റർനെറ്റ് കണക്ഷനും സജ്ജമാക്കി. |

**സെക്ഷൻ ഓഫീസർ**